**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5324** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | **തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കൂവരക്, കുതിരവാലി) എന്നീ 27 വിളകളെയാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.** |
| (ബി) | കേന്ദ്ര സർക്കാരിന്റെ നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കുന്നത്.<br><br>നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് പ്രധാനമന്ത്രി ഫസൽ ബീമാ യോജന ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>നെല്ല്, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക, കരിമ്പ്, ഏലം, കമുക്, ജാതി, കശുമാവ്, മാവ്, ഉരുളക്കിഴങ്ങ്, കാബേജ്, ക്യാരറ്റ്, വെളുത്തുള്ളി, ബീൻസ്, പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, മുളക്, തക്കാളി, ചെറുധാന്യങ്ങൾ എന്നീ വിളകൾക്കാണ് കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | കാലാവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ; | (സി) | കാലാവസ്ഥയെ അടിസ്ഥാനമാക്കി കേരളത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയാണ് പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത |

| | | | |
|---|---|---|---|
| | | | വിള ഇൻഷുറൻസ് പദ്ധതി. പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾ ഒഴികെയുള്ള കേരളത്തിലെ 12 ജില്ലകളിലേയും വിജ്ഞാപനം ചെയ്തിട്ടുള്ള ഇൻഷ്വറൻസ് യൂണിറ്റുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂലസാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ കാലാവസ്ഥ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി (AICIL) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. കാലാവസ്ഥ നിലയങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽവിജ്ഞാപനം ചെയ്തിട്ടുള്ള ടേം ഷീറ്റുകൾ പ്രകാരം അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ക്ലെയിം തയ്യാറാക്കി തുക വിതരണം ചെയ്യുന്നു. |
| (ഡി) | ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി പദ്ധതി ഓൺലൈനായി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം ഉണ്ടായാൽ 15 ദിവസത്തിനകം കർഷകൻ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷയുടെ സ്ഥല പരിശോധന നടത്തി അർഹമായ ആനുകൂല്യം തിട്ടപ്പെടുത്തി അതതു ഉദ്യോഗസ്ഥ തലത്തിൽ അംഗീകരിക്കുകയും Centralised Direct Benefit Transfer ആയി തുക നേരിട്ട് കർഷകന്റെ അക്കൗണ്ടിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ